**File No.TCPKTM/108/2021-C**

*"ഭരണഭാഷ-മാതൃഭാഷ"*

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - കങ്ങഴ ഗ്രാമപഞ്ചായത്ത് ക്രഷർ യൂണിറ്റ് കെട്ടിടനിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കങ്ങഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/01/2021-ലെ എ 3/918/2020 നമ്പർ കത്ത്.

2. ശ്രീ.പ്രകാശ്.ടി.ജോൺ, തൊണ്ടൻകുളങ്ങര എന്നവരുടെ 9/2/2021-ലെ ന്യൂനതകൾ തിരുത്തിയ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKTM/108/2021-C** **തീയതി : 23/02/2021**

---

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കങ്ങഴ വില്ലേജിൽ, ബ്ലോക്ക് നമ്പർ 22-ൽ റീസർവ്വെ നമ്പർ 253/7-1, 253/6-1-ൽപ്പെട്ട നിലവിൽ കെട്ടിടങ്ങളുള്ള 9374 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 61.06 ച.മീ വിസ്തീർണ്ണമുള്ള പ്രൈമറി മെഷീൻ യൂണിറ്റ്, 33.84 ച.മീ വിസ്തീർണ്ണമുള്ള Soling Tank & Conveyor plat form, 31.39 ച.മീ വിസ്തീർണ്ണമുള്ള ജനറേറ്റർ റൂം, 29.19 ച.മീ വിസ്തീർണ്ണമുള്ള ഇലക്ട്രിക്കൽ റൂം, 32.89 ച.മീ വിസ്തീർണ്ണത്തിൽ ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. ചട്ടം 79(7) പ്രകാരം ദ്രവമാലിന്യ സംസ്കരണ സംവിധാനവും മലിനജല സംസ്കരണത്തിനും പുനരുപയോഗത്തിനുമുള്ള സംവിധാനവും നൽകേണ്ടതാണ്.

6. ചട്ടം 34(3)(2) പ്രകാരം ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്.
7. പ്ലോട്ടിൽ നിലവിലുള്ള മറ്റ് നിർമ്മാണങ്ങൾ അനുമതി പ്രകാരമുള്ളതാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
8. നിർദ്ദിഷ്ട സ്ഥലത്ത് വികസന /നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിനും, അനുബന്ധ സർക്കുലറുകൾക്കും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
9. പ്രസ്തുത സ്ഥാപനം മൂലമോ, സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസരവാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
10. കെ.പി.ബി.ആർ-2019-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ-14/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
കങ്ങഴ ഗ്രാമപഞ്ചായത്ത്

പകർപ്പ് :
1. ശ്രീ.പ്രകാശ്.ടി.ജോൺ, തൊണ്ടൻകുളങ്ങര, കടയനിക്കാട്.പി.ഒ, കങ്ങഴ (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം -1

S/23022021